# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5103 27-07-2015 ൽ മറുപടിക്ക്

**ഹയർസെക്കന്ററി വകുപ്പ് തസ്തിക പുനർ നിർണ്ണയവും ഡെപ്യൂട്ടേഷൻ നിയമനവും**

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഹയർസെക്കന്ററി വകുപ്പ് രൂപീകരിച്ചശേഷം ഡയറക്ടറേറ്റിലെ തസ്തിക പുനർ നിർണ്ണയം നടന്നിട്ടുണ്ടോ; | ഇല്ല |
| (ബി) | ഡയറക്ടറേറ്റ് രൂപീകരിക്കുമ്പോൾ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നോ; അതിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; | ഇല്ല |
| (സി) | ഹയർസെക്കന്ററി വകുപ്പിൽ ജീവനക്കാരുടെ അധികജോലി ഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട് |
| (ഡി) | സർവ്വകലാശാലകളിൽ നിന്നും ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷനിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിയമിച്ചിരുന്ന ഉദ്യോഗസ്ഥരെ തിരിച്ചയക്കുകയുണ്ടായോ ; ഇങ്ങനെ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ; | ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ റഗുലറൈസ് ചെയ്യപ്പെടാൻ താല്പര്യമില്ലാത്ത 33 യൂണിവേഴ്സിറ്റി ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചയച്ചു. അതുമൂലം ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സെക്രട്ടേറിയറ്റിൽ നിന്നും താൽക്കാലിക സംവിധാനം എന്ന നിലയിൽ 19 സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പൊതുഭരണ വകുപ്പാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഇ) | അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പൊതുപരീക്ഷകൾ എന്നിവയുടെ എണ്ണം വർദ്ധിപ്പിച്ചതനുസരിച്ച് ഡയറക്ടറേറ്റിൽ തസ്തികകളുടെ എണ്ണം പുനർ നിർണ്ണയം ചെയ്യുമോ; | ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (എഫ്) | ഡയറക്ടറേറ്റിൽ ഒഴിവുള്ള തസ്തികകളിൽ സെക്രട്ടേറിയറ്റിൽ നിന്നും ജീവനക്കാരെ നിയമിക്കുന്നത് ചട്ടപ്രകാരമാണോ ; | ഉത്തരം (ഡി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ജി) | ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനും അതുവഴി ഒഴിവു വരുന്ന തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ